# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 01 .12. 2016-ന് കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം രാവിലെ 11.30 ന് ബഹു. തദ്ദേശ സ്വയം ഭരണവകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ആരംഭിച്ചു. പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

തദ്ദേശഭരണസ്ഥാപനങ്ങളുടെ 2016-17 വാർഷിക പദ്ധതി പുരോഗതി അവലോകനം ചെയ്തു. നവംബർ 30 വരെയുള്ള പുരോഗതി താഴെപറയും പ്രകാരമാണ്.

| പദ്ധതി പുരോഗതി (ശതമാനം) | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നമ്പർ | തദ്ദേശഭരണ സ്ഥാപനങ്ങൾ | പൊതു വിഭാഗം | എസ്.സി. എസ്.പി | റ്റി .എസ്.പി | എഫ്.സി ഗ്രാന്റ് | ലോക ബാങ്ക് വിഹിതം | ആകെ |
| 1 | ഗ്രാമപഞ്ചായത്ത് | 25.36 | 8.75 | 14.09 | 12.55 | 3.08 | 16.25 |
| 2 | ബ്ലോക്ക് ” | 12.72 | 9.89 | 2.34 | 0.00 | 0.00 | 11.28 |
| 3 | ജില്ലാ ” | 9.16 | 4.19 | 1.49 | 0.00 | 0.00 | 7.19 |
| 4 | മുനിസിപ്പാലിറ്റി | 15.39 | 5.87 | 3.50 | 5.85 | 4.77 | 9.35 |
| 5 | കോർപ്പറേഷൻ | 8.83 | 9.48 | 0.00 | 5.28 | 0.00 | 7.34 |

നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനും പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹരിക്കുന്നതിനും താഴെപറയുന്ന നടപടികൾ അടിയന്തിരമായി ചെയ്യാൻ തീരുമാനിച്ചു.

## പൊതുവിഷയങ്ങൾ

1. ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ എല്ലാ ബ്ലോക്ക് തലത്തിലും പദ്ധതി പുരോഗതി അവലോകനം നടത്തണം. കൂടാതെ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് എന്നിവയുടേയും പദ്ധതി പുരോഗതി പ്രത്യേകമായി അവലോകനം ചെയ്യണം. ഇതിനു വേണ്ട നടപടികൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ എന്നിവരുമായി ചേർന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർ സ്വീകരിക്കണം. കഴിവതും യോഗങ്ങളിൽ ജില്ലാ കളക്ടർ പങ്കെടുക്കണം. ബ്ലോക്ക് തല അവലോകനം 15-12-16 ന് മുമ്പ് പൂർത്തിയാക്കി വിശദമായ റിപ്പോർട്ട് ജില്ലാ പ്ലാനിംഗ് ഓഫീസർ സംസ്ഥാന ആസൂത്രണബോർഡ് വികേന്ദ്രീകൃതാസൂത്രണ ചീഫ് മുഖേന സർക്കാരിനു നൽകണം. പദ്ധതി നിർവ്വഹണത്തിനു നിലനിൽക്കുന്ന പ്രശ്നങ്ങൾ ജില്ലാ തലത്തിൽ പരിഹരിക്കേണ്ടവ പരിഹരിക്കണം. സർക്കാർ ഇടപെടൽ ആവശ്യമുള്ളവ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം.

(നടപടി – ചീഫ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം, എസ്.പി.ബി)

2. ബ്ലോക്ക് തല അവലോകനത്തിനു ശേഷം ജില്ലാ ആസൂത്രണസമിതി ചെയർമാന്മാർ, ജില്ലാകളക്ടർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, മുൻസിപ്പിൽ ജോയിന്റ് ഡയറക്ടർ എന്നിവരെ കൂടി ഉൾപ്പെടുത്തി സംസ്ഥാനതല അവലോകനം നടത്താൻ തീരുമാനിച്ചു.

(നടപടി – പ്രിൻസിപ്പൾ സെക്രട്ടറി തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3. സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയുടെ പരിഗണനയ്ക്ക് വരുന്ന വിഷയങ്ങൾ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് (SRG) പരിശോധിച്ച് കുറിപ്പോടുകൂടി അജണ്ടയായി നൽകണം.

(നടപടി – എസ്.ആർ.ജി)

4. സംയുക്ത പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ പ്രോജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശഭരണ സ്ഥാപനത്തിന് മറ്റ് തദ്ദേശ ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം കൈമാറുന്ന രീതി സ്വീകരിക്കേണ്ടതാണ്.

(നടപടി –തദ്ദേശസ്വയംഭരണ (ഡി.എ 1) വകുപ്പ്)

5. ജില്ലാ പഞ്ചായത്തിന്റേയും കോർപ്പറേഷന്റേയും പ്രോജക്ടുകളുടെ വെറ്റിംഗ് നടത്തുന്നതിലെ തർക്കങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ്, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനിയർ ഓരോ വിഷയവുമായി ബന്ധപ്പെട്ട വകുപ്പ് മേധാവി എന്നിവരെ ഉൾപ്പെടുത്തി സംസ്ഥാനതല അപ്പലേറ്റ് കമ്മറി രൂപീകരിക്കാൻ തീരുമാനിച്ചു.

(നടപടി – തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്)

6. ജില്ലാ ആസൂത്രണ സമിതി രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് ഉടനെ ഇറക്കാൻ തീരുമാനിച്ചു.

(നടപടി – തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്)

7. പിന്നോക്കം നിൽക്കുന്ന തദ്ദേശഭരണസ്ഥാപനങ്ങൾക്കുള്ള ലോകബാങ്ക് വിഹിതം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് അടിയന്തിരമായി ഇറക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി – തദ്ദേശസ്വയം ഭരണ വകുപ്പ്(ഡി.എ 1), ധനകാര്യവകുപ്പ്)

8. ജനകീയാസൂത്രണ പദ്ധതിയിൽ പച്ചക്കറി വിത്തുകൾക്കും നടീൽ വസ്തുക്കൾക്കും 100 ശതമാനം സബ്സിഡി നൽകാവുന്നതാണ്.

(നടപടി – തദ്ദേശസ്വയം ഭരണ (ഡി.എ 1) വകുപ്പ്)

9. വളർത്തുമൃഗങ്ങൾക്ക് വിരമരുന്ന് സൗജന്യമായി നൽകുന്നതിന് പ്രോജകറ്റ് തയ്യാറാക്കാവുന്നതാണ്.

(നടപടി – തദ്ദേശസ്വയം ഭരണ (ഡി.എ 1) വകുപ്പ്)

10. മാലിന്യനിർമ്മാർജ്ജനത്തിന്റെ ഭാഗമായി പ്ലാസ്റ്റിക്ക് ശേഖരണത്തിനും മറ്റും ജോലിക്കാരെ/ വോളണ്ടിയർമാരെ തനതു ഫണ്ട് ഉപയോഗിച്ച് ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്.

(നടപടി – തദ്ദേശസ്വയം ഭരണ (ഡി.സി) വകുപ്പ്)

## 2. പ്രത്യേക വിഷയങ്ങൾ

**2.1 അകലകുന്നം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.11.2016-ലെ കത്ത് 2016-17 ൽ അംഗീകാരം ലഭിച്ച പ്രോജക്ട് നമ്പർ 89/17 (സി.എഫ്.എൽ വാങ്ങൽ അടങ്കൽ 8.15 ലക്ഷം രൂപ) പ്രോജക്ട് നം.129/17(സി.എഫ്.എൽ മെയിന്റനൻസ് അടങ്കൽ 1.50 ലക്ഷം രൂപ) എന്നീ പ്രോജക്ടുകളുടെ നിർവഹണ രീതി അക്രഡിറ്റഡ് ഏജൻസി എന്നതിനു പകരം ടെണ്ടർ രീതിയാക്കി ഭേദഗതി ചെയ്യാനുള്ള അനുമതി സംബന്ധിച്ച്.**

ടെണ്ടർ മുഖേനയായി ഭേദഗതി ചെയ്ത് ഡി.പി.സി. അംഗീകാരത്തോടെ നടപ്പാക്കാൻ അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ ഡി.എ 3 വകുപ്പ്)

**2.2 തഴവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.11.2016-ലെ റ്റി.4-118/2015 നമ്പർ കത്ത്. 2016-17 വർഷം പശ്ചാത്തല മേഖലയ്ക്ക് (റോഡ് നിർമ്മാണം) വകയിരുത്തിയിരുന്ന തനത് ഫണ്ടിനു പകരം ലോകബാങ്ക് വിഹിതം ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്**

അനുമതി നൽകേണ്ടതില്ല എന്നു തീരുമാനിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ ഡി.എ 1 വകുപ്പ്)

**2.3 നിലമ്പൂർ നഗരസഭാ ചെയർപേഴ്സന്റെ 24.09.2016-ലെ കത്ത്. തനത്ഫണ്ട് തികയാത്തതുകൊണ്ട് പൂർത്തീകരിച്ച സ്പിൽഓവർ പ്രോജക്ടുകൾ ബഹു വർഷ പ്രോജക്ടുകൾ ആക്കാനുള്ള അനുമതി സംബന്ധിച്ച്**

അനുമതി നൽകേണ്ടതില്ലെന്നു തീരുമാനിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ ഡി.സി. 3 വകുപ്പ്)

**2.4 കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.10.2016 – ലെ എ 3/5765/16 നമ്പർ കത്ത് – കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിൽപ്പെട്ട ഏഴിമല റെയിൽവേ സ്ഥലത്ത് റോഡ് നിർമ്മാണത്തിന് പഞ്ചായത്ത് ഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി സംബന്ധിച്ച്**

അനുമതി നൽകാൻ തീരുമാനിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ ഡി.എ 2 വകുപ്പ്)

**2.5 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 30.09.2016-ലെ കത്ത്. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് 2016-17 വർഷം 50.00 ലക്ഷം രൂപ വികസനഫണ്ട് ഉപയോഗിച്ച് ജൈവ സമൃദ്ധി - ജൈവ പച്ചക്കറി വ്യാപന പദ്ധതി എന്ന പ്രോജക്ടിന് (നം.386/16-17) ന് അംഗീകാരം സംബന്ധിച്ച്**

അനുമതി നൽകാൻ തീരുമാനിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ ഡി.ബി. വകുപ്പ്)

**2.6 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 30.09.2016-ലെ കത്ത്. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് 2016-17 വർഷം 3.00 ലക്ഷം രൂപ വികസനഫണ്ട് ഉപയോഗിച്ച് തയ്യാറാക്കിയ "ഭക്ഷ്യ വിളകളുടെ സുരക്ഷിത ഉത്പാദന" പ്രോജക്ടിന് (നം.488/16-17) അംഗീകാരം സംബന്ധിച്ച്**

കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്നതിന് അനുമതി നൽകുന്നു.(നടപടി – തദ്ദേശസ്വയംഭരണ ഡി.ബി. വകുപ്പ്)

**2.7 തൊടുപുഴ മുനിസിപ്പൽ ചെയർപേഴ്സന്റെ 12.10.2016-ലെ കത്ത് - പ്രോജക്ടും എസ്റ്റിമേറ്റും തയ്യാറാക്കിയ നഗരസഭ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തന്നെ സാങ്കേതികാനുമതി നൽകുന്നതിന് അംഗീകാരം നൽകണമെന്ന ആവശ്യം സംബന്ധിച്ച്.**

അനുമതി നിരസിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ ഡി.സി വകുപ്പ്)

**2.8 തൊടുപുഴ മുനിസിപ്പൽ ചെയർപേഴ്സന്റെ 12.10.2016-ലെ കത്ത് - നോൺ റോഡ് മെയിന്റൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശത്തിന്മേലുള്ള സ്പഷ്ടീകരണം സംബന്ധിച്ച്.**

മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതിന് നിലവിലുള്ള മാർഗ്ഗരേഖ പാലിക്കണം.

(നടപടി – തദ്ദേശസ്വയംഭരണ ഡി.സി. വകുപ്പ്)

**2.9 പനങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.11.2016-ലെ കത്ത്. പനങ്ങാട് ഗ്രാമപഞ്ചായത്തിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് മുൻകാലങ്ങളിൽ സഹായം ഗഡുക്കളായി നൽകിയെങ്കിലും വീട്ടു നിർമ്മാണം പൂർത്തിയാക്കാത്തവർക്ക് സഹായം നൽകുന്നത് സംബന്ധിച്ച്**

ലൈഫ് പാർപ്പിട മിഷൻ പ്രാബല്യത്തിൽ വരുമ്പോൾ അതിൽ ഉൾപ്പെടുത്താം

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി.)വകുപ്പ്)

**2.10 കോഴിക്കോട് കോർപ്പറേഷൻ മേയറുടെ 05.09.2016-ലെ D1-10453/13 നമ്പർ കത്ത്. 2016-17-ലെ വാർഷിക പദ്ധതിയിലെ പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകുന്നതു സംബന്ധിച്ച് -**

ഇപ്പോൾ 2016-17 വാർഷിക പദ്ധതിയിലെ പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകേണ്ടതില്ല എന്നു തീരുമാനിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.സി 3)വകുപ്പ്)

**2.11 കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 14.10.2016-ലെ 39/16 - നമ്പർ കത്ത് - 2016-17 –ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതും ഡി.പി.സി. അംഗീകരിക്കാത്തതുമായ "പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി" എന്ന പ്രോജക്ടിന് അംഗീകാരം നൽകുന്നതു സംബന്ധിച്ച് -**

ഗ്രാമപഞ്ചായത്തുകൾ നൽകുന്ന ഗുണഭോക്തൃ ലിസ്റ്റ് അനുസരിച്ച് നടപ്പാക്കാൻ അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ ഡി.ഡി. വകുപ്പ്)

**2.12 പഞ്ചായത്ത് ഡയറക്ടറുടെ 17.02.2016-ലെ J5-4408/15 നമ്പർ കത്ത് - മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിന് (വടക്കാഞ്ചേരി മുനിസിപ്പാലിറ്റി) ശ്മശാനം നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്**

മുണ്ടത്തിക്കോട്, വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തുകൾ കൂട്ടിച്ചേർത്ത് ഇപ്പോൾ രൂപീകൃതമായ വടക്കാഞ്ചേരി മുൻസിപ്പാലിറ്റിക്ക് ഇനി നൽകാനുള്ള തുകയായ 15.20 ലക്ഷം രൂപ നൽകുന്നതിന് അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ ഡി.ബി. വകുപ്പ്)

**2.13 ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 19.09.2016-ലെ കത്ത് - തോട്ടം മേഖയിലെ 6 മീറ്ററിൽ താഴെയുള്ള റോഡുകളുടെ പുനരുദ്ധാരണത്തിന് ജില്ലാ പഞ്ചായത്തിന് അനുമതി നൽകണമെന്നത് സംബന്ധിച്ച്.**

ഇത് പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി.)വകുപ്പ്)

**2.14 തദ്ദേശ സ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 16-11-16 ലെ ഡി.ബി. 4-4929/03/സി.ഒ. തസ്വഭവ നമ്പർ കത്ത്.**

**തൃക്കാക്കര നഗരസഭയിൽ ഓവർസിയർമാരുടെ അധിക തസ്തിക അനുവദിക്കുന്നതുവരെ താല്ക്കാലികമായ പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ ഓവർസിയർമാരെ നിയമിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്**

ഡിപ്പാർട്ട്മെന്റ് തലത്തിൽ തീരുമാനമെടുക്കണം

(നടപടി – ചീഫ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി)

**2.15 കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 28-10-2016 ലെ സി2-402/2016-നമ്പർ കത്ത്. പച്ചക്കറി വിത്തുകളും നടീൽ വസ്തുക്കളും 100 ശതമാനം സബ്സിഡിയോടെ നൽകുന്നതിനുള്ള അനുമതി സംബന്ധിച്ച്.**

പൊതു തീരുമാനം ഖണ്ഡിക 8 ബാധകമാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി.)വകുപ്പ്)

**2.16 കൊല്ലം കോർപ്പറേഷൻ മേയറുടെ 19-11-2016 ലെ പി.സി1-7200/2016 - നമ്പർ കത്ത്. 2016-17 വാർഷിക പദ്ധതിയിലെ "മൃഗാശുപത്രികൾക്ക് മരുന്നു വാങ്ങൽ"(പ്രോജക്റ്റ് നംപർ 256/16-17) പദ്ധതിയിൽ വളർത്തുമൃഗങ്ങൾക്ക് വിരമരുന്ന് നൽകുന്നതിന് 50 ശതമാനം ഗുണഭോക്തൃവിഹിതം ഒഴിവാക്കി കർഷകർക്ക് സൗജന്യമായി നൽകുന്നതിനുള്ള അനുമതി സംബന്ധിച്ച്**

പൊതു തീരുമാനം ഖണ്ഡിക 9 ബാധകമാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.സി )വകുപ്പ്)

**2.17 ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും 28.10.16 തീയതിയിലെ 2(4) നമ്പർ ഭരണസമിതി തീരുമാനവും. ഉഴുന്ന്, പയർ തുടങ്ങിയ ധാന്യങ്ങൾ കൃഷി ചെയ്യാനായി പ്രോജക്ടിന് പുതിയ സുലേഖ സോഫ്റ്റ് വെയറിൽ കോഡനുവദിക്കുന്നത് സംബന്ധിച്ച്**

പുതിയ കോഡ് അനുവദിക്കാൻ തീരുമാനിച്ചു.

(നടപടി – എക്സിക്യൂട്ടീവ് ഡയറക്ടർ - ഐ.കെ.എം)

**2.18 ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 1-12-2016 ലെ 1876/സി1/2016/എസ്.എം നമ്പർ കുറിപ്പ് റീഇംപേഴ്സ് ചെയ്ത തുക ഉപയോഗിച്ച് ശുചിത്വ പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്.**

റീഇംപേഴ്സ് ചെയ്ത് ലഭിച്ച തുക ഉപയോഗിച്ച് തദ്ദേശ ഭരണസ്ഥാപനങ്ങളുടെ അനിവാര്യ പ്രോജക്ടുകൾ എടുത്തതിന് ശേഷം മിച്ചമുള്ള തുക ശുചിത്വ പ്രോജക്ടുകൾക്കു വേണ്ടി ഉപയോഗിക്കാവുന്നതാണ്.

(നടപടി - എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വമിഷൻ)

**2.19 പെരളശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 1-9-2016 ലെ Pt/Py/2016-17 നമ്പർ കത്തും 18-07-2016 ലെ 91/16 (9) നമ്പർ തീരുമാനവും പ്ലാസ്റ്റിക് ശേഖരണ വാളണ്ടിയർമാർക്ക് ദിവസ വേതന അടിസ്ഥാനത്തിൽ തനതു ഫണ്ട് ഉപയോഗിക്കുന്നതു സംബന്ധിച്ച്**

പൊതു തീരുമാനം ഖണ്ഡിക 10 ബാധകമാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.സി )വകുപ്പ്)

**2.20 കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 14-11-16 ലെ യോഗത്തിൽ ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ കൃഷിഭവൻ മുഖാന്തിരം പാടശേഖരസമിതിക്ക് കൈമാറിയ കൊയ്ത്ത മെതിയന്ത്രം കേടുവന്നത് റിപ്പയർ ചെയ്യുന്നതിന് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതിന് അനുമതി സംബന്ധിച്ച്.**

**ഇതിന്മേൽ അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ പെർഫോർമൻസ് ഓഡിറ്റ് വിംഗിനെ ചുമതലപ്പെടുത്തിയിരുന്നു. അന്വേഷണ റിപ്പോർട്ട് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ യോഗത്തിൽ അവതരിപ്പിച്ചു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം തീരുമാനമെടുത്തു.**

നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് കൊയ്ത്ത് മെതിയന്ത്രം റിപ്പയർ ചെയ്യുന്നതിന് അനുമതി നൽകുന്നു. പെർഫോർമൻസ് ഓഡിറ്റ് റിപ്പോർട്ടിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ )വകുപ്പ്)

**2.21 കോർഡിനേഷൻ കമ്മറ്റിയുടെ 14-11-16 ലെ യോഗത്തിൽ പാലക്കാട് ബ്ലോക്കിൽ നിർമ്മാണത്തിൽ വിവിധ ഘട്ടങ്ങളിലായി നിൽക്കുന്ന 5 സാംസ്കാരിക നിലയത്തിന്റെ പൂർത്തീകരണം സംബന്ധിച്ച്.**

**ഇത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പെർഫോർമൻസ് ഓഡിറ്റ് വിംഗിനെ ചുമതലപ്പെടുത്തിയിരുന്നു. അന്വേഷണറിപ്പോർട്ട് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ യോഗത്തിൽ അവതരിപ്പിച്ചു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപറയും പ്രകാരം തീരുമാനമെടുത്തു.**

അഞ്ചുമൂർത്തി എസ്.സി കോളനി സാംസ്കാരിക നിലയം (മണ്ണൂർ പഞ്ചായത്ത്) കുന്നുകാട് എസ്.സി കോളനി സാംസ്കാരിക നിലയം (മണ്ണൂർ പഞ്ചായത്ത്) എന്നീ സാംസ്കാരിക നിലയങ്ങളുടെ പണി പൂർത്തീകരിച്ച് തുക നൽകിയ സാഹചര്യത്തിൽ ഈ നടപടിക്ക് സാധൂകരണം നൽകി തീരുമാനിച്ചു. ആഴ്ചത്ത് ഭരതൻകുന്ന് എസ്.സി. കോളനി സാംസ്കാരിക നിലയം (കോങ്ങാട് ഗ്രാമപഞ്ചായത്ത്), സാംസ്കാരിക നിലയം മണ്ണൂർ ഗ്രാമപഞ്ചായത്ത്, സാംസ്കാരിക നിലയം കേരളശ്ശേരി ഗ്രാമപഞ്ചായത്ത് എന്നിവയുടെ എസ്റ്റിമേറ്റ് തുകയിൽ വ്യത്യാസം വരുത്താതെ നിർവ്വഹണത്തിനും പൂർത്തീകരണത്തിനും അനുമതി നൽകാൻ തീരുമാനിച്ചു. പെർഫോർമൻസ് ഓഡിറ്റ് റിപ്പോർട്ടിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

(നടപടി – തദ്ദേശസ്വയംഭരണ ഡി.ഡി. വകുപ്പ്)

യോഗം ഉച്ചകഴിഞ്ഞ് 1.00 മണിക്ക് അവസാനിച്ചു.

**അനുബന്ധം**

<u>01.12.2016 ന് കൂടിയ കോഓർഡിനേഷൻ കമ്മറ്റി മീറ്റിംഗിൽ പങ്കെടുത്തവർ</u>

1. ഡോ.കെ.എൻ.ഹരിലാൽ (മെമ്പർ SPB & ചെയർമാൻ SRG)
2. ഡോ.വി.കെ. ബേബി (സെക്രട്ടറി, എൽ.എസ്.ജി.ഡി)
3. ശ്രീ. എസ്.ഹരികിഷോർ (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ)
4. ഡോ.കെ.വാസുകി (DUA & എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ)
5. ശ്രീ. പി.ആർ.സജികുമാർ (ചീഫ് എഞ്ചിനീയർ LSGD)
6. ശ്രീ. എം.പി.അജിത്ത് കുമാർ (JD, പഞ്ചായത്ത് ഡയറക്ടറേറ്റ്)
7. ശ്രീ. റ്റി.കെ.സോമൻ, (അഡീഷണൽ സെക്രട്ടറി, ഫിനാൻസ്)
8. ശ്രീ. വി.എസ്.സന്തോഷ് കുമാർ (എ.ഡി.ഡി.സി, CRD)
9. ശ്രീമതി. ലിഷാ മോഹൻ.എം (എ.ഡി.സി., സി.ആർ.ഡി)
10. ശ്രീ. എച്ച്. ഷാജി (Communication Specialist കെ.എൽ.ജി.എസ്.ഡി.പി)
11. ഡോ.വി.പി.സുകുമാരൻ (ഡെപ്യൂട്ടി ഡയറക്ടർ, കെ.എൽ.ജി.എസ്.ഡി.പി)
12. ശ്രീ. ശശിന്ദ്രൻ വി (ഡെപ്യൂട്ടി ഡയറക്ടർ, ST Directorate)
13. ശ്രീ. ബിജു.വി.എസ് (കൺവീനർ, എസ്.ആർ.ജി)
14. ശ്രീ. കെ.അർജ്ജുനൻ (മെമ്പർ, എസ്.ആർ.ജി)
15. ശ്രീ. എസ്.സുരേഷ് കുമാർ (അണ്ടർ സെക്രട്ടറി)
16. ശ്രീ. എസ്. ദിവാകരൻപിള്ള (എസ്.പി.എ.ഒ.)
17. ശ്രീ. റ്റി.സുരേഷ്ബാബു (മെമ്പർ, എസ്.ആർ.ജി)